പിൻവലിച്ച കേസുകൾ

93 [94] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ യു.ഡി.എഫ്. പ്രവർത്തകർ പ്രതികളായിട്ടുള്ള എത്ര കേസ്സുകൾ പിൻവലിച്ചിട്ടുണ്ട്;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) നാദാപുരം സംഭവവുമായി ബന്ധപ്പെട്ട് രമ്യതീർപ്പ് വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ എത്ര കേസ്സുകൾ പിൻവലിച്ചുവെന്നും, എത്ര കേസ്സുകൾ പിൻവലിക്കാനുണ്ടെന്നും വിശദമാക്കുമോ;

(ഡി) ഇവ പിൻവലിക്കാതിരിക്കുന്നതിനുള്ള കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അപേക്ഷ സമർപ്പിക്കുന്നവർ യു.ഡി.എഫ്.-കാരാണോ എൽ.ഡി.എഫ്.-കാരാണോ എന്ന് നോക്കിയല്ല കേസ്സ് പിൻവലിക്കുന്നത്.

(ബി) ബാധകമല്ല.

(സി) കേസ്സുകളൊന്നും പിൻവലിച്ചിട്ടില്ല.

(ഡി) പിൻവലിക്കണമെന്നാവശ്യപ്പെട്ടു ലഭിച്ച നിവേദനങ്ങൾ പരിശോധിച്ചു വരുന്നു.

കുറ്റകൃത്യങ്ങൾ

94 [95] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മുന്നു വർഷങ്ങളിൽ (2001, 2002, 2003) കേരളത്തിൽ സ്ത്രീകൾക്ക് നേരെ നടന്നിട്ടുള്ള കുറ്റകൃത്യങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ, കുറ്റകൃത്യങ്ങളുടെ സ്വഭാവം, ബലാൽസംഗം, തട്ടിക്കൊണ്ടുപോകൽ, കൊലപാതകം, സ്ത്രീധനമരണം, ഗാർഹിക പീഡനം, മറ്റുതരത്തിലുള്ള അതിക്രമങ്ങൾ എന്നിവ തരംതിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇങ്ങനെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കുറ്റകൃത്യങ്ങളിൽ 18 വയസ്സിനു താഴെ പ്രായമുള്ള പെൺകുട്ടികൾക്കു നേരെ നടന്നിട്ടുള്ള അതിക്രമങ്ങളുടെ വിശദമായ പട്ടിക ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly